# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 511 – 29/05/2019 - ലെ മറുപടിക്ക്

### പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോകബാങ്ക് വായ്പ

ചോദ്യം | ഉത്തരം

ശ്രീ.എൻ. ഷംസുദ്ദീൻ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പ്രളയാനന്തര പുനർനിർമ്മാണത്തിനായി സംസ്ഥാനത്തിന് ലോകബാങ്കിൽ നിന്നും വായ്പ ലഭ്യമായിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ; | കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 3596.20 കോടി രൂപയും സംസ്ഥാന വിഹിതമായ 1541.14 കോടി രൂപയും ഉൾപ്പെടെ ആകെ 5137.34 കോടി രൂപയുടെ വികസന നയവായ്പ (DPL) സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | പ്രസ്തുത വായ്പ ഏതെല്ലാം മേഖലകളിലാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | വായ്പയായി ലഭിക്കുന്ന തുക കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program) യുടെ നയരൂപരേഖയിൽ സുപ്രധാനമേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നീ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ